**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2670** **22-01-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിൽ സോഫ്റ്റ്‌വെയറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എം . വിൻസെന്റ് | | **Shri A. K. Balan**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിൽ 2016 മുതൽ നാളിതുവരെ വിവിധ പദ്ധതികൾക്കായി എത്ര സോഫ്റ്റ്‌വെയറുകൾ നിർമ്മിച്ചുവെന്നും, ഏതൊക്കെ കാര്യങ്ങൾക്കായിട്ടാണ് പ്രസ്തുത സോഫ്റ്റ്‌വെയറുകൾ നിർമ്മിച്ചതെന്നും അറിയിക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പിൽ 2016 മുതൽ നാളിതുവരെ വിവിധ പദ്ധതികൾക്കായി 4 സോഫ്റ്റ് വെയറുകൾ വികസിപ്പിച്ചിട്ടുണ്ട്. വാത്സല്യനിധി പദ്ധതി നടത്തിപ്പിനായി കെൽട്രോൺ മുഖാന്തിരം സോഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഒറ്റ പോർട്ടൽ മുഖേന വിതരണം ചെയ്യുന്നതിനായി ഇ-ഗ്രാന്റ്സ് 3.0 എന്ന സോഫ്റ്റ് വെയർ 2017-18 സാമ്പത്തിക വർഷം വികസിപ്പിച്ചിട്ടുണ്ട്. ഐ.ടി.ഐ വിദ്യാർത്ഥികളുടെ ഓൺലൈൻ പ്രവേശനത്തിനായി സി-ഡിറ്റ് മുഖേന ഒരു സോഫ്റ്റ് വെയർ നിർമ്മിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗക്കാർക്കുള്ള ചികിത്സാ ധനസഹായം വിതരണം ചെയ്യുന്നതിനായി ടി ഗ്രാൻസ് എന്ന പേരിൽ ഒരു സോഫ്റ്റ് വെയർ 2017-ൽ കെൽട്രോൺ മുഖേന നിർമ്മിച്ചിട്ടുണ്ട്. ഓരോ സോഫ്റ്റ് വെയറും വികസിപ്പിച്ചതിന് എത്ര തുക വീതം ചെലവായിയെന്നും ഏത് സ്ഥാപനമാണ് നിർമ്മിച്ച നൽകിയതെന്നുമുള്ള വിവരം ചുവടെ ചേർക്കുന്നു. സോഫ്റ്റ് വെയർ തുക നിർമ്മിച്ച നൽകിയ സ്ഥാപനം വാത്സല്യനിധി 6,84,400 കെൽട്രോൺ ഇ-ഗ്രാൻറ്സ് 53,63,100 സി-ഡിറ്റ് ഐ.ടി. വിദ്യാർത്ഥികളുടെ ഓൺലൈൻ പ്രവേശനം 2,44,248 സി-ഡിറ്റ് ടി ഗ്രാന്റ്സ് 4,88,750 കെൽട്രോൺ പട്ടികവർഗ്ഗ വികസന വകുപ്പിൽ 2016 മുതൽ നാളിതുവരെ തയ്യാറാക്കിയ സോഫ്റ്റ് വെയറുകളുടെ വിവരം ചുവടെ ചേർക്കുന്നു. സർവ്വീസ് പ്ലസ് എന്ന പ്ലാറ്റ്ഫോമിലൂടെ പട്ടികവർഗ്ഗക്കാർക്കുള്ള വ്യക്തിഗത സാമ്പത്തിക ആനുകൂല്യങ്ങൾ കടലാസ്രഹിതമായി നൽകുന്നതിന് 24 സേവനങ്ങൾ ഓൺലൈൻനാക്കുന്നതിന് തീരുമാനിക്കുകയും |

ആയതിൽ 13 സോഫ്റ്റ് വെയറുകൾ പ്രവർത്തനം പൂർത്തിയായി കഴിഞ്ഞു. പട്ടികവർഗ്ഗക്കാരുടെ സോഷ്യോ ഇക്കണോമിക് സർവ്വെ നടത്തുന്നതിനായുള്ള ഒരു സോഫ്റ്റ് വെയർ പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള സ്റ്റാർട്ട് അപ് ഡ്രീംസിന് കീഴിൽ പ്രവർത്തിച്ച് വരുന്ന മെർജിയോസ് എന്ന സ്ഥാപനം വഴി നിർമ്മിക്കുകയും ആയത് പ്രകാരം വിവരശേഖരണം പൂർത്തീകരണ ഘട്ടത്തിലാണ് കേന്ദ്രസർക്കാരിന്റെ നിർദ്ദേശാനുസരണം സംസ്ഥാനം നടപ്പിലാക്കുന്ന പദ്ധതികളുടെ ജിയോ ടാഗ്ഡ് ഫോട്ടോകൾ കേന്ദ്രസർക്കാർ സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി പട്ടികജാതി വികസനവകുപ്പിന്റെ കീഴിലുള്ള സ്റ്റാർട്ട് അപ് ഡ്രീംസിന് കീഴിൽ പ്രവർത്തിച്ചു വരുന്ന മെർജിയോസ് എന്ന സ്ഥാപനം വഴി 11,21,000/- രൂപ ചെലവഴിച്ച് ഒരു സോഫ്റ്റ് വെയർ നിർമ്മിച്ചിട്ടുണ്ട്. പട്ടികവർഗവികസന വകുപ്പിന്റെ വിവര ശേഖരണം സൂക്ഷ്മ പരിശോധനയ്ക്കായി പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള സ്റ്റാർട്ട് അപ് ഡ്രീംസിന് കീഴിൽ പ്രവർത്തിച്ച് വരുന്ന മെർജിയോസ് എന്ന സ്ഥാപനം വഴി 5,84,100/-രൂപ ചെലവഴിച്ച് ഒരു സോഫ്റ്റ് വെയർ നിർമ്മിച്ചിട്ടുണ്ട് ബഹു.വകുപ്പ് മന്ത്രിയുടെ ചികിൽസാ ധനസഹായം വിതരണം ചെയ്യുന്നതിനായി റ്റി-ഗ്രാന്റ്സ് എന്ന പേരിൽ ഒരു ലക്ഷം രൂപ ചെലവ് വരുന്ന ഒരു സോഫ്റ്റ് വെയർ കെൽട്രോൺ എന്ന സ്ഥാപനം വഴി നിർമ്മിച്ചിട്ടുണ്ട് ഗോത്രവാൽസല്യ നിധി എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി സ്റ്റാർട്ട് അപിന് കീഴിലുള്ള വിക്കീസ് ടെക്നോളജി എന്ന സ്ഥാപനം വഴി 4,84,390/-രൂപ ചെലവ് വരുന്ന ഒരു സോഫ്റ്റ് വെയറിന് അംഗീകാരം നൽകി പ്രവർത്തനം പൂർത്തിയായി വരുന്നു.പട്ടികവർഗക്കാരുടെ പരാതികൾ ഓൺ ലൈനായി സ്വീകരിക്കുന്നതിന് ഒരു കോൾ സെന്റർ ആരംഭിക്കുകയും ഈ സെന്ററിന്റെ പ്രവർത്തനത്തിനായി 10,78,426/-രൂപ ചെലവിൽ ഒരു സോഫ്റ്റ് വെയർ വികസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗക്കാരുടെ നൈപുണ്യവികസന പരിപാടികൾ ഏകോപിപ്പിക്കുന്നതിനും മോണിറ്ററിംഗ് ചെയ്യുന്നതിനുമായി ഒരു സോഫ്റ്റ് വെയർ പൂർത്തിയായിട്ടുണ്ട്. കോവിഡ് രോഗികളുടെ വിവരശേഖര ണവുമായി ബന്ധപ്പെട്ട് ഒരു സോഫ്റ്റ് വെയറും, പദ്ധതി വിശകലനവും സാമ്പത്തിക ചെലവുകളുടെ കണക്കും സൂക്ഷ്മതല പരിശോധനയ്ക്കുമായി ഒരു സോഫ്റ്റ് വെയറും,

| | | | |
|---|---|---|---|
| | | | വെള്ളപൊക്കക്കെടുതിയുമായി ബന്ധപ്പെട്ട വിവരണശേഖരണവുമായ ഒരു സോഫ്റ്റ് വെയറും എം.ഐ.എസ് മാനേജർ / അസി. മാനേജർ എന്നിവർ ചേർന്ന് വികസിപ്പിച്ചിട്ടുണ്ട്. |
| (ബി) | ഓരോ സോഫ്റ്റ്‌വെയറും നിർമ്മിച്ചതിന് എത്ര തുക വീതം ചെലവായിയെന്നും, ഏത് സ്ഥാപനമാണ് നിർമ്മിച്ചുനൽകിയതെന്നും വ്യക്തമാക്കുമോ? | (ബി) | പട്ടികജാതി വികസന വകുപ്പിൽ 2016 മുതൽ നാളിതുവരെ വിവിധ പദ്ധതികൾക്കായി 4 സോഫ്റ്റ് വെയറുകൾ വികസിപ്പിച്ചിട്ടുണ്ട്. വാത്സല്യനിധി പദ്ധതി നടത്തിപ്പിനായി കെൽട്രോൺ മുഖാന്തിരം സോഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഒറ്റ പോർട്ടൽ മുഖേന വിതരണം ചെയ്യുന്നതിനായി ഇ-ഗ്രാന്റ്സ് 3.0 എന്ന സോഫ്റ്റ് വെയർ 2017-18 സാമ്പത്തിക വർഷം വികസിപ്പിച്ചിട്ടുണ്ട്. ഐ.ടി.ഐ വിദ്യാർത്ഥികളുടെ ഓൺലൈൻ പ്രവേശനത്തിനായി സി-ഡിറ്റ് മുഖേന ഒരു സോഫ്റ്റ് വെയർ നിർമ്മിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗക്കാർക്കുള്ള ചികിത്സാ ധനസഹായം വിതരണം ചെയ്യുന്നതിനായി ടി ഗ്രാൻസ് എന്ന പേരിൽ ഒരു സോഫ്റ്റ് വെയർ 2017-ൽ കെൽട്രോൺ മുഖേന നിർമ്മിച്ചിട്ടുണ്ട്. ഓരോ സോഫ്റ്റ് വെയറും വികസിപ്പിച്ചതിന് എത്ര തുക വീതം ചെലവായിയെന്നും ഏത് സ്ഥാപനമാണ് നിർമ്മിച്ചു നൽകിയതെന്നുമുള്ള വിവരം ചുവടെ ചേർക്കുന്നു. സോഫ്റ്റ് വെയർ തുക നിർമ്മിച്ചു നൽകിയ സ്ഥാപനം വാത്സല്യനിധി 6,84,400 കെൽട്രോൺ ഇ-ഗ്രാൻറ്സ് 53,63,100 സി-ഡിറ്റ് ഐ.ടി. വിദ്യാർത്ഥികളുടെ ഓൺലൈൻ പ്രവേശനം 2,44,248 സി-ഡിറ്റ് ടി ഗ്രാന്റ്സ് 4,88,750 കെൽട്രോൺ പട്ടികവർഗ്ഗ വികസന വകുപ്പിൽ 2016 മുതൽ നാളിതുവരെ തയ്യാറാക്കിയ സോഫ്റ്റ് വെയറുകളുടെ വിവരം ചുവടെ ചേർക്കുന്നു. സർവ്വീസ് പ്ലസ് എന്ന പ്ലാറ്റ്ഫോമിലൂടെ പട്ടികവർഗ്ഗക്കാർക്കുള്ള വ്യക്തിഗത സാമ്പത്തിക ആനുകൂല്യങ്ങൾ കടലാസ്രഹിതമായി നൽകുന്നതിന് 24 സേവനങ്ങൾ ഓൺലൈൻനാക്കുന്നതിന് തീരുമാനിക്കുകയും ആയതിൽ 13 സോഫ്റ്റ് വെയറുകൾ പ്രവർത്തനം പൂർത്തിയായി കഴിഞ്ഞു. പട്ടികവർഗ്ഗക്കാരുടെ സോഷ്യോ ഇക്കണോമിക് സർവ്വെ നടത്തുന്നതിനായുള്ള ഒരു സോഫ്റ്റ് വെയർ പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള സ്റ്റാർട്ട് അപ് ഡ്രീംസിന് കീഴിൽ പ്രവർത്തിച്ച് വരുന്ന മെർജിയോസ് എന്ന സ്ഥാപനം വഴി നിർമ്മിക്കുകയും ആയത് പ്രകാരം വിവരശേഖരണം പൂർത്തീകരണ ഘട്ടത്തിലാണ് കേന്ദ്രസർക്കാരിന്റെ നിർദ്ദേശാനുസരണം സംസ്ഥാനം നടപ്പിലാക്കുന്ന പദ്ധതികളുടെ ജിയോ ടാഗ്ഡ് ഫോട്ടോകൾ |

| | | | |
|---|---|---|---|
| | | | കേന്ദ്രസർക്കാർ സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി പട്ടികജാതി വികസനവകുപ്പിന്റെ കീഴിലുള്ള സ്റ്റാർട്ട് അപ് ഡ്രീംസിന് കീഴിൽ പ്രവർത്തിച്ച് വരുന്ന മെർജിയോസ് എന്ന സ്ഥാപനം വഴി 11,21,000/- രൂപ ചെലവഴിച്ച് ഒരു സോഫ്റ്റ് വെയർ നിർമ്മിച്ചിട്ടുണ്ട്. പട്ടികവർഗവികസന വകുപ്പിന്റെ വിവര ശേഖരണം സൂക്ഷ്മ പരിശോധനയ്ക്കായി പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള സ്റ്റാർട്ട് അപ് ഡ്രീംസിന് കീഴിൽ പ്രവർത്തിച്ച് വരുന്ന മെർജിയോസ് എന്ന സ്ഥാപനം വഴി 5,84,100/-രൂപ ചെലവഴിച്ച് ഒരു സോഫ്റ്റ് വെയർ നിർമ്മിച്ചിട്ടുണ്ട് ബഹു.വകുപ്പ് മന്ത്രിയുടെ ചികിൽസാ ധനസഹായം വിതരണം ചെയ്യുന്നതിനായി റ്റി-ഗ്രാന്റ്സ് എന്ന പേരിൽ ഒരു ലക്ഷം രൂപ ചെലവ് വരുന്ന ഒരു സോഫ്റ്റ് വെയർ കെൽട്രോൺ എന്ന സ്ഥാപനം വഴി നിർമ്മിച്ചിട്ടുണ്ട് ഗോത്രവാൽസല്യ നിധി എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി സ്റ്റാർട്ട് അപിന് കീഴിലുള്ള വിക്കീസ് ടെക്നോളജി എന്ന സ്ഥാപനം വഴി 4,84,390/-രൂപ ചെലവ് വരുന്ന ഒരു സോഫ്റ്റ് വെയറിന് അംഗീകാരം നൽകി പ്രവർത്തനം പൂർത്തിയായി വരുന്നു.പട്ടികവർഗക്കാരുടെ പരാതികൾ ഓൺ ലൈനായി സ്വീകരിക്കുന്നതിന് ഒരു കോൾ സെന്റർ ആരംഭിക്കുകയും ഈ സെന്ററിന്റെ പ്രവർത്തനത്തിനായി 10,78,426/-രൂപ ചെലവിൽ ഒരു സോഫ്റ്റ് വെയർ വികസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗക്കാരുടെ നൈപുണ്യവികസന പരിപാടികൾ ഏകോപിപ്പിക്കുന്നതിനും മോണിറ്ററിംഗ് ചെയ്യുന്നതിനുമായി ഒരു സോഫ്റ്റ് വെയർ പൂർത്തിയായിട്ടുണ്ട്. കോവിഡ് രോഗികളുടെ വിവരശേഖര ണവുമായി ബന്ധപ്പെട്ട് ഒരു സോഫ്റ്റ് വെയറും, പദ്ധതി വിശകലനവും സാമ്പത്തിക ചെലവുകളുടെ കണക്കും സൂക്ഷ്മതല പരിശോധനയ്ക്കുമായി ഒരു സോഫ്റ്റ് വെയറും, വെള്ളപൊക്കക്കെടുതിയുമായി ബന്ധപ്പെട്ട വിവരണശേഖരണവുമായ ഒരു സോഫ്റ്റ് വെയറും എം.ഐ.എസ് മാനേജർ / അസി. മാനേജർ എന്നിവർ ചേർന്ന് വികസിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ